**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5466** **03-11-2021 - ല്‍ മറുപടിയ്ക്ക്**

**എന്റെ ക്ഷയരോഗമുക്ത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരന്‍,<br>ശ്രീ പി എസ് സുപാല്‍,<br>ശ്രീ. ഇ കെ വിജയന്‍,<br>ശ്രീ. ഇ. ടി. ടൈസണ്‍ മാസ്റ്റര്‍ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2025-ഓടെ ക്ഷയരോഗ നിവാരണം എന്ന ലക്ഷ്യത്തിലെത്താന്‍ നടപ്പിലാക്കുന്ന 'എന്റെ ക്ഷയരോഗമുക്ത കേരളം' പദ്ധതിയുടെ പ്രവര്‍ത്തന പുരോഗതി വെളിപ്പെടുത്താമോ; | (എ) | 2017 ഫെബ്രുവരിയില്‍ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തില്‍ തിരുവനന്ത പുരത്ത് വച്ച് ക്ഷയരോഗ നിര്‍മാര്‍ജ്ജന മാര്‍ഗ്ഗരേഖ രൂപീകരിക്കുന്നതിനായി അന്തര്‍ ദേശിയതലസമ്മേളനം നടന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തു നിന്നും ക്ഷയരോഗം പൂര്‍ണ്ണമായും തുടച്ചുനീക്കാന്‍ 'എന്റെ ക്ഷയരോഗ മുക്തകേരളം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാല് ഘട്ടങ്ങളിലായാണ് ക്ഷയരോഗ നിര്‍മ്മാര്‍ജ്ജനം സംസ്ഥാനത്ത് നടക്കുന്നത്. ഒന്നാം ഘട്ട പ്രവര്‍ത്തനങ്ങളുടെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതാത് അദ്ധ്യക്ഷന്‍മാര്‍ നേതൃത്വം നല്‍കുന്ന ക്ഷയരോഗ നിര്‍മ്മാര്‍ജ്ജന കര്‍മ്മസേന രൂപീകരിക്കുകയും പരിശീലനം നല്‍കിയ 78000 സന്നദ്ധപ്രവര്‍ത്തകരുടെ സഹായത്തോടെ സംസ്ഥാനത്തെ 82% ഭവനങ്ങളും സന്ദര്‍ശിച്ച് ബോധവത്കരണവും വീടുകളില്‍ കഴിയുന്ന ക്ഷയരോഗ സാധ്യത കൂടിയ വ്യക്തികളുടെ ക്ഷയരോഗ സാധ്യതാ നിര്‍ണ്ണയവും നടത്തിക്കഴിഞ്ഞു (TB Vulnerability mapping). ഇതിലൂടെ 25 ലക്ഷത്തോളം ടി ബി സാധ്യതയുള്ളവരേയും അവരില്‍ നിന്ന് 7.74 ലക്ഷത്തോളം അധിക ക്ഷയരോഗ സാധ്യതയുള്ളവരെയും mapping നടത്തിയിട്ടുണ്ട്. ഇതിന്റെ തുടര്‍ച്ചയായി ക്ഷയരോഗസാധ്യത അധികമായിട്ടുള്ള (TB Vulnerability) 7.74 ലക്ഷത്തോളം വ്യക്തികളെ മൂന്നുമാസത്തിലൊരിക്കല്‍ അവരുടെ ഭവനങ്ങള്‍ സന്ദര്‍ശിച്ച് നേരത്തെ രോഗം കണ്ടെത്തുക എന്നതാണ് 2019 ല്‍ ആരംഭിച്ച് രണ്ടാം ഘട്ട പ്രവര്‍ത്തനങ്ങള്‍. തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും |

| | | | |
|---|---|---|---|
| | | | പ്രാഥമിക ആരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർമാരുടെയും നേതൃത്വത്തിൽ ഇത് നടന്നുവരുന്നു. മൂന്നാം ഘട്ടത്തിൽ സമൂഹത്തിൽ ക്ഷയരോഗ സാധ്യത അധികമായുള്ള വ്യക്തികളിൽ ക്ഷയരോഗ സാധ്യത കുറയ്ക്കുക (TB Vulnerability) എന്നതാണ് ലക്ഷ്യമിടുന്നത്. പുകയില, മദ്യം ഇവയുടെ ഉപയോഗം കുറയ്ക്കുക, പ്രമേഹരോഗ നിയന്ത്രണം സാധ്യമാക്കുക, പോഷകാഹാരകുറവ് പരിഹരിക്കുക, ദീർഘകാല ശ്വാസകോശരോഗങ്ങൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുകവഴി ക്ഷയരോഗസാധ്യത കുറയ്ക്കുക എന്നിവ വിവിധ പദ്ധതികളായ SWAS, NCD Programme എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. മൂന്നാം ഘട്ട പ്രവർത്തനങ്ങൾ 2020 ഒക്ടോബർ 2-ാം തീയതി മുതൽ തുടങ്ങി കഴിഞ്ഞു. ക്ഷയരോഗ നിർമാർജ്ജന യജ്ഞ ദൗത്യത്തിന്റെ നാല് ഘട്ടങ്ങളിൽ അവസാനത്തേതായ Latent TB Infection Management (LTBI) എന്നത് ലേറ്റന്റ് ടി.ബി. അണുബാധ കണ്ടുപിടിക്കുകയും അതിനെ ചികിത്സിക്കുകയും ചെയ്യുക എന്നതാണ്. 5-15 വയസ്സ് പ്രായമായ കുട്ടികൾക്കും കൗമാരക്കാർക്കും ലേറ്റന്റ് ടി.ബി. അണുബാധ നിയന്ത്രണത്തിനായി ടെസ്റ്റ് ആന്റ് ട്രീറ്റ് സമീപനത്തിലൂടെയുള്ള പ്രതിരോധ ചികിൽസ 2020 നവംബർ മുതൽ IGRA (Interferon-Gamma Release Assay) പരിശോധന സംസ്ഥാനത്ത് Latent TB Infection Management Guidelines- ൽ അധിഷ്ഠിതമായി ആരംഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഈ വിഭാഗത്തിൽ സംസ്ഥാനത്ത് 20.3 ശതമാനം പേർക്ക് പോസിറ്റീവ് ആയി കാണുകയും അവർക്ക് പ്രതിരോധ ചികിത്സ 3HR regimens ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. National TB Infection Management Guidelines പ്രകാരം 15 വയസ്സും അതിനു മുകളിലുള്ളവരുടേയും ലേറ്റന്റ് ടി.ബി. അണുബാധ നിയന്ത്രണത്തിനായി ടെസ്റ്റ് & ട്രീറ്റ് സമീപനത്തിലൂടെയുള്ള പ്രതിരോധ ചികിത്സ 2021 ആഗസ്റ്റിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ NCD, SWAS clinic കൾ വഴിയും, ജയിൽ, വൃദ്ധസദനങ്ങൾ, അതിഥി തൊഴിലാളികളുടെ വാസസ്ഥലം എന്നിവിടങ്ങളിലും Active Case Finding(ACF) നടത്തിവരുന്നുണ്ട് |
| (ബി) | ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കോവിഡ് രോഗവ്യാപനം പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കൊവിഡ് മഹാമാരി കടുത്തവെല്ലുവിളി ഉയർത്തിയിട്ടുണ്ട്. ആഗോളതലത്തിൽ തന്നെ ക്ഷയരോഗനിർണയം നടത്തുന്നതിന് കാര്യമായ തടസ്സം നേരിട്ടിട്ടുണ്ട്. രണ്ടിന്റേയും പ്രധാന ലക്ഷണങ്ങൾ ചുമയും പനിയും ആയതിനാൽ |

| | | | |
|---|---|---|---|
| | | | ക്ഷയരോഗം കണ്ടെത്തുന്നതിൽ കാലതാമസം അനുഭവപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്ത് ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ കോവിഡിനെതിരെയുള്ള പ്രവർത്തനങ്ങൾക്കും സഹായകരമായിട്ടുണ്ട്. ക്ഷയരോഗം വരാൻ അധിക സാധ്യതയുള്ള പ്രായമായവർ, ദീർഘകാല രോഗങ്ങളുള്ളവർ, പുകവലി, അമിത മദ്യപാന ശീലമുള്ളവർ എന്നിവരെ കണ്ടെത്തുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവെ നടത്തിയിരുന്നു. ഈ വിവരങ്ങൾ കോവിഡ് കാലത്ത് റിവേഴ്സ് ക്വാറന്റീൻ ഉറപ്പുവരുത്തുവാനും മരണ നിരക്ക് കുറയ്ക്കുവാനും പ്രാഥമിക ആരോഗ്യ സംവിധാനങ്ങളെ സഹായിച്ചിട്ടുണ്ട്. കോവിഡ് സംശയിക്കുന്നവരെ കോവിഡ് പരിശോധനയ്ക്ക് വിധേയമാക്കുകയും, പരിശോധനയിൽ കോവിഡ് നെഗറ്റീവ് ആണെന്നു കണ്ടെത്തുന്നവരെ ക്ഷയരോഗ പരിശോധയ്ക്ക് കൂടി വിധേയ മാക്കുകയും ചെയ്യുന്ന സംയുക്ത ക്ഷയരോഗ നിർമ്മാർജ്ജന കോവിഡ് നിയന്ത്രണ സംരംഭവും ആവിഷ്ക്കരിച്ചിട്ടുണ്ട്. കോവിഡ് ആദ്യ തരംഗസമയത്തു തന്നെ ടിബി, കോവിഡ് എന്നിവയ്ക്കുള്ള ദ്വിദിശ സ്ക്രീനിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഫസ്റ്റ് ലൈൻ, സെക്കൻഡ് ലൈൻ കോവിഡ് ചികിത്സാ സെന്ററുകൾ, വാക്സിനേഷൻ സെന്ററുകൾ, പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എന്നിവയിൽ എത്തുന്നവർക്കും ILI,SARI അനുബന്ധ പ്രശ്നങ്ങൾ ഉള്ളവർക്കും ടിബി സ്ക്രീനിംഗ് നടത്തിവരുന്നു. കോവിഡ് 19 പശ്ചാതലത്തിൽ ലോക്ക് ഡൗൺ കാലത്ത് ക്ഷയരോഗ ചികിത്സയുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന് ജില്ലാതല ഹെൽപ്‌ലൈൻ രൂപീകരിച്ചു. ലോക്ക് ഡൗൺ കാലത്ത് മരുന്നുകൾ മുടങ്ങാതിരിക്കാനായി ഒരുമാസത്തേയ്ക്കുള്ള മരുന്നുകൾ ഒന്നിച്ച് ചികിത്സാസഹായ കേന്ദ്രങ്ങളിൽനിന്നും രോഗബാധിതർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ക്ഷയരോഗ ബാധിതരെ കണ്ടെത്തി ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 2017 ഫെബ്രുവരിയിൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ തിരുവനന്ത പുരത്ത് വച്ച് ക്ഷയരോഗ നിർമാർജ്ജന മാർഗ്ഗരേഖ രൂപീകരിക്കുന്നതിനായി അന്തർ ദേശിയതലസമ്മേളനം നടന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തു നിന്നും ക്ഷയരോഗം പൂർണ്ണമായും തുടച്ചുനീക്കാൻ 'എന്റെ ക്ഷയരോഗ മുക്തകേരളം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാല് ഘട്ടങ്ങളിലായാണ് ക്ഷയരോഗ നിർമ്മാർജ്ജനം സംസ്ഥാനത്ത് നടക്കുന്നത്. ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ തദ്ദേശ |

സ്വയംഭരണ സ്ഥാപനത്തിലും അതാത് അദ്ധ്യക്ഷൻമാർ നേതൃത്വം നൽകുന്ന ക്ഷയരോഗ നിർമ്മാർജ്ജന കർമ്മസേന രൂപീകരിക്കുകയും പരിശീലനം നൽകിയ 78000 സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ സംസ്ഥാനത്തെ 82% ഭവനങ്ങളും സന്ദർശിച്ച് ബോധവത്കരണവും വീട്ടുകളിൽ കഴിയുന്ന ക്ഷയരോഗ സാധ്യത കൂടിയ വ്യക്തികളുടെ ക്ഷയരോഗ സാധ്യതാ നിർണ്ണയവും നടത്തിക്കഴിഞ്ഞു (TB Vulnerability mapping). ഇതിലൂടെ 25 ലക്ഷത്തോളം ടി ബി സാധ്യതയുള്ളവരേയും അവരിൽ നിന്ന് 7.74 ലക്ഷത്തോളം അധിക ക്ഷയരോഗ സാധ്യതയുള്ളവരെയും mapping നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ക്ഷയരോഗസാധ്യത അധികമായിട്ടുള്ള (TB Vulnerability) 7.74 ലക്ഷത്തോളം വ്യക്തികളെ മൂന്നുമാസത്തിലൊരിക്കൽ അവരുടെ ഭവനങ്ങൾ സന്ദർശിച്ച് നേരത്തെ രോഗം കണ്ടെത്തുക എന്നതാണ് 2019 ൽ ആരംഭിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ. തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും പ്രാഥമിക ആരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർമാരുടെയും നേതൃത്വത്തിൽ ഇത് നടന്നുവരുന്നു. മൂന്നാം ഘട്ടത്തിൽ സമൂഹത്തിൽ ക്ഷയരോഗ സാധ്യത അധികമായുള്ള വ്യക്തികളിൽ ക്ഷയരോഗ സാധ്യത കുറയ്ക്കുക (TB Vulnerability) എന്നതാണ് ലക്ഷ്യമിടുന്നത്. പുകയില, മദ്യം ഇവയുടെ ഉപയോഗം കുറയ്ക്കുക, പ്രമേഹരോഗ നിയന്ത്രണം സാധ്യമാക്കുക, പോഷകാഹാരകുറവ് പരിഹരിക്കുക, ദീർഘകാല ശ്വാസകോശരോഗങ്ങൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുകവഴി ക്ഷയരോഗസാധ്യത കുറയ്ക്കുക എന്നിവ വിവിധ പദ്ധതികളായ SWAS, NCD Programme എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. മൂന്നാം ഘട്ട പ്രവർത്തനങ്ങൾ 2020 ഒക്ടോബർ 2-ാം തീയതി മുതൽ തുടങ്ങി കഴിഞ്ഞു. ക്ഷയരോഗ നിർമാർജ്ജന യജ്ഞ ദൗത്യത്തിന്റെ നാല് ഘട്ടങ്ങളിൽ അവസാനത്തേതായ Latent TB Infection Management (LTBI) എന്നത് ലേറ്റന്റ് ടി.ബി. അണുബാധ കണ്ടുപിടിക്കുകയും അതിനെ ചികിത്സിക്കുകയും ചെയ്യുക എന്നതാണ്. 5-15 വയസ്സ് പ്രായമായ കുട്ടികൾക്കും കൗമാരക്കാർക്കും ലേറ്റന്റ് ടി.ബി. അണുബാധ നിയന്ത്രണത്തിനായി ടെസ്റ്റ് ആന്റ് ട്രീറ്റ് സമീപനത്തിലൂടെയുള്ള പ്രതിരോധ ചികിൽസ 2020 നവംബർ മുതൽ IGRA (Interferon-Gamma Release Assay) പരിശോധന സംസ്ഥാനത്ത് Latent TB Infection Management

| | | | |
|---|---|---|---|
| | | | Guidelines- ൽ അധിഷ്ഠിതമായി ആരംഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഈ വിഭാഗത്തിൽ സംസ്ഥാനത്ത് 20.3 ശതമാനം പേർക്ക് പോസിറ്റീവ് ആയി കാണുകയും അവർക്ക് പ്രതിരോധ ചികിത്സ 3HR regimens ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. National TB Infection Management Guidelines പ്രകാരം 15 വയസ്സും അതിനു മുകളിലുള്ളവരുടേയും ലേറ്റന്റ് ടി.ബി. അണുബാധ നിയന്ത്രണത്തിനായി ടെസ്റ്റ് & ട്രീറ്റ് സമീപനത്തിലൂടെയുള്ള പ്രതിരോധ ചികിത്സ 2021 ആഗസ്റ്റിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ NCD, SWAS clinic കൾ വഴിയും, ജയിൽ, വൃദ്ധസദനങ്ങൾ, അതിഥി തൊഴിലാളികളുടെ വാസസ്ഥലം എന്നിവിടങ്ങളിലും Active Case Finding(ACF) നടത്തിവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ